(സി) അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് വാങ്ങി വിതരണം ചെയ്യുക, വളം സബ്സിഡി നൽകുക, കൃഷിനാശം സംഭവിച്ചവർക്ക് നഷ്ട പരിഹാരം നൽകുക എന്നിവയ്ക്ക് ആവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു.

പുതുപ്പള്ളി, പനച്ചിക്കാട് തുടങ്ങിയ പ്രദേശങ്ങളിലെ കൃഷിനാശം

227. [280] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ പേമാരിയിലും കാറ്റത്തും നാശനഷ്ടങ്ങൾ സംഭവിച്ച പുതുപ്പള്ളി, പനച്ചിക്കാട്, മീനടം, പാമ്പാടി, കൂരോപ്പട, പള്ളിക്കാത്തോട്, അകലകുന്നം, അയർക്കുന്നം എന്നീ പഞ്ചായത്തുകളിൽ കൃഷിക്കാർക്ക് എന്തു നാശനഷ്ടങ്ങൾ ഉണ്ടായി എന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എത്ര പേർക്ക് എത്ര രൂപ നഷ്ടപരിഹാരം നൽകി കഴിഞ്ഞു ;

(സി) ഇനി നഷ്ടപരിഹാരം നൽകുവാനുള്ളവർക്ക് എത്രയുംവേഗം അവ നൽകുവാൻ നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 164 കർഷകർക്ക് 49,956 രൂപ.

(സി) കൂടുതൽ തുക അനുവദിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുവാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

പെരുമ്പഴുതൂർ, പെരുങ്കടവിള, വെള്ളറട എന്നീ പ്രദേശത്തെ കൃഷി നാശത്തിനു നഷ്ടപരിഹാരം

228. [281] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പേമാരിയിലും കൊടുംകാറ്റിലും വാഴകൃഷി നഷ്ടപ്പെട്ട കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം കൊല്ലയിൽ, കാരോട്, പാറശ്ശാല, കുളത്തൂർ എന്നീ പ്രദേശങ്ങളിൽ നൽകുകയും പെരുമ്പഴുതൂർ, പെരുങ്കടവിള, വെള്ളറട എന്നീ പ്രദേശങ്ങളിൽ നൽകാതിരിക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണെന്നു വ്യക്തമാക്കുമോ ;

(സി) അടിയന്തിരമായി ഈ പ്രദേശത്തുള്ള കർഷകർക്കുകൂടി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടി പ്രദേശങ്ങളിലെല്ലാം നഷ്ടപരിഹാരം ഭാഗികമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പണത്തിന്റെ ലഭ്യതയനുസരിച്ചു നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly